ജന്മഭൂമി

05 July 2018

# പുരസ്കാര തിളക്കത്തിൽ സിഎംഎഫ്ആർഐ

കൊച്ചി: ദേശീയ കാർഷിക ഗവേഷണ കൗൺസിലി(ഐസിഎആർ)ന്റെ നാലുപുരസ്കാരങ്ങൾ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനമായ സിഎംഎഫ്ആർഐ ലഭിച്ചു. കാർഷിക മേഖലയിലെ ഗവേഷണ മികവിനുള്ള റാഫി അഹ്മദ് കിദ്വായ് പുരസ്കാരം, ലാൽ ബഹദൂർ ശാസ്ത്രി യുവ ശാസ്ത്രജ്ഞനുള്ള പുരസ്കാരം, മികച്ച ഡോക്ടറൽ ഗവേഷണ പ്രബന്ധത്തിനുള്ള ജവഹർലാൽ നെഹ്റു പുരസ്കാരം എന്നിവ യഥാക്രമം സിഎംഎഫ്ആർഐയിലെ സീനിയർ സയന്റിസ്റ്റ് ഡോ.കാജൽ ചക്രവർത്തി, സയന്റിസ്റ്റ് ഡോ.എൽദോ വർഗീസ്, ടെക്നിക്കൽ അസിസ്റ്റന്റ് ഡോ.അനുശ്രീ വി.നായർ എന്നിവക്കാണ് ലഭിച്ചത്.



ഡോ.അനുശ്രീ വി.നായർ, ഡോ.എൽദോ വർഗീസ്, ഡോ.കാജൽ ചക്രവർത്തി

കൂടാതെ, ഔദ്യോഗിക ഭാഷയായ ഹിന്ദിയുടെ പ്രചാരണവുമായി ബന്ധപ്പെട്ട മികച്ച പ്രവർത്തനങ്ങൾക്ക് രാജർഷി ടാണ്ടൻ പുരസ്കാരവും സിഎംഎഫ്ആർഐ ലഭിച്ചിട്ടുണ്ട്. കടൽ പായലിൽ നിന്നും പ്രമേഹം, സന്ധിവേദന, അമിതവണ്ണം, തൈറോയ്ഡ് തുടങ്ങിയ രോഗങ്ങൾക്കുള്ള ഔഷധോൽപ്പന്നങ്ങൾ വികസിപ്പിച്ചതടക്കമുള്ള ഗവേഷണ പ്രവർത്തനങ്ങൾക്കാണ് ഡോ.കാജലിന് റാഫി അഹ്മദ് കിദ്വായ് പുരസ്കാരം ലഭിച്ചത്.

കാർഷിക ഗവേഷണ പരീക്ഷണങ്ങളിൽ ഉപയോഗിക്കുന്ന സ്റ്റാറ്റിസ്റ്റിക്കൽ ഡിസൈനുകൾ വികസിപ്പിച്ചതിനാണ് ഡോ.എൽദോയ്ക്ക് മികച്ച യുവ ശാസ്ത്രജ്ഞനുള്ള പുരസ്കാരം. ചെമ്മീൻ കൃഷിയിൽ ആന്റിബയോട്ടിക്കിന് ബദലായി ഉപയോഗിക്കാവുന്ന പ്രോബയോട്ടിക് ബാക്റ്റീരിയയെ വേർതിരിക്കുന്നതുമായി ബന്ധപ്പെട്ട ഡോക്ടറൽ ഗവേഷണം പൂർത്തിയാക്കിയതാണ് ജവഹർലാൽ നെഹ്റു പുരസ്കാരം നേടാൻ ഡോ.അനുശ്രീക്ക് അവസരമൊരുക്കിയത്. ഐസിഎആറിന്റെ സ്ഥാപകദിനമായ 16ന് ന്യൂദൽഹിയിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരങ്ങൾ ഏറ്റുവാങ്ങും.